# 118. പൊതുസ്ഥലങ്ങളിൽ പുകവലി തടയുക

അമേരിക്കയിൽനിന്ന് യൂറോപ്പുവഴി ലോകമെങ്ങും പ്രചരിച്ച ഒരു ദുശ്ശീലമാണ് പുകവലി.

കൊളംബസ് 1492-ൽ വന്നെത്തും മുമ്പുതന്നെ അമേരിന്ത്യന്മാർ പൈപ്പിൽ പുകയില നിറച്ചു കത്തിച്ചു വലിച്ചിരുന്നു. അമേരിക്കയിൽ നിന്നു മടങ്ങുമ്പോൾ കൊളംബസ് കുറച്ചു പുകയിലവിത്തും കൊണ്ടു പോയി. യൂറോപ്യൻ കർഷകർ ഇതു കൃഷി ചെയ്തുനോക്കി. മരുന്ന് എന്ന നിലയിൽ യൂറോപ്യർ പുകയില ഉപയോഗിക്കാനും തുടങ്ങി. 1560-ൽ ഷാൻ നിക്കോട്ട് എന്ന നയതന്ത്രജ്ഞൻ ഫ്രാൻസിൽ പുകയിലക്കൃഷി പരത്തി. 'നിക്കോട്ടിയാന' എന്ന പുകയിലയ്ക്കു പേർ വന്നതു് ഈയാളിൽ നിന്നാണ്.

അമേരിക്കൻ ഐക്യനാടുകളിലെ 'വിർജീനിയ' സ്റ്റേററിൽ 17-ാം നൂററാണ്ടിന്റെ ആരംഭത്തിൽ വ്യാപാരാടിസ്ഥാനത്തിൽ പുകയിലക്കൃഷി തുടങ്ങി. അമേരിക്കൻ സ്വാതന്ത്ര്യസമരം തുടങ്ങുംവരെ അമേരിക്കയിലെ പുകയില ഉല്പന്നം ഏറെക്കുറെ മുഴുവനും ബ്രിട്ടനിലേക്കു കയററി അയയ്ക്കുകയായിരുന്നു പതിവ്. 1880-ൽ അമേരിക്കയിൽ ചുരുട്ട് (സിഗാർ) ഉണ്ടാക്കിത്തുടങ്ങി. സിഗററ്റ് ഉണ്ടാക്കുന്ന യന്ത്രം കണ്ടുപിടിച്ചതു് 1880-ൽ ആണ്. പുകയിലയിൽ അടങ്ങിയ നിക്കോട്ടിൻ എന്ന വിഷത്തിന് മനുഷ്യരിൽ താല്ക്കാലികമായ സുഖവും സുരക്ഷിതത്വബോധവും ഉളവാക്കുന്നതിനു് അസാധാരണമായ കഴിവുണ്ടു്. ഇതു നിമിത്തം വളരെ വേഗത്തിൽ വെള്ളക്കാർ പുകവലിയുടെ അടിമകളായിത്തീർന്നു. വെള്ളക്കാരുടെ ആധിപത്യം യൂറോപ്പിൽനിന്നു് മററു ഭൂഖണ്ഡങ്ങളിലേക്കു വ്യാപിച്ചതോടെ, മനുഷ്യവർഗം ആകെത്തന്നെ പല രൂപത്തിൽ പുകയില ഉപയോഗിച്ചു തുടങ്ങി.

എങ്കിലും പുകവലിയുടെ ദോഷഫലങ്ങളെപ്പററി ചിന്തകരും ശാസ്ത്രജ്ഞരും അറിയാതിരുന്നില്ല. മദ്യത്തേക്കാൾ മോശമായ ഒരു ലഹരി പദാർത്ഥമായാണ് ടോൾസ്റ്റോയ് പുകയിലയെ വീക്ഷിച്ചിരുന്നതു്. 1500 മുതല്ക്കേ യൂറോപ്യൻ വൈദ്യന്മാർ സിഗററുവലിക്കു് എതിരായിരുന്നു. പുകയിലയുടെ നിരന്തരമായ ഉപയോഗം നിമിത്തം ശ്വാസകോശത്തിൽ അർബുദം (ക്യാൻസർ), ഹൃദ്രോഗം മുതലായവ ഉണ്ടാകുമെന്ന് 1960-ൽ അസന്ദിഗ്ദ്ധമായി സ്ഥാപിക്കപ്പെട്ടു. ഒരു ഫെഡറൽ നിയമപ്രകാരം, സിഗററ് ഉപയോഗിക്കുന്നതു് ആപല്ക്കരമാണെന്ന താക്കീതു് 1966-മുതൽ അമേരിക്കയിൽ സിഗററുപെട്ടികളിൽ അടിച്ചു തുടങ്ങി. റേഡിയോവിലും ടെലിവിഷനിലും പുകയിലയെ സംബന്ധിച്ച പരസ്യം ചെയ്യുന്നതു് 1971-ൽ അമേരിക്ക തടഞ്ഞു. പുകയില ഉല്പന്നങ്ങളുടെ എല്ലാ പരസ്യങ്ങളിലും പുകയില ആരോഗ്യത്തിനു ഹാനികരമാണെന്ന താക്കീതു ചേർക്കാൻ പുകയില ഉല്പാദകർ സമ്മതിച്ചതു് 1972-ൽ ആയിരുന്നു. പൊതുസ്ഥലങ്ങളിൽ പുകവലി നിരോധിക്കുന്ന നിയമം പല അമേരിക്കൻ സ്റ്റേററുകളിലും നിലവിലുണ്ടു്.

പക്ഷേ, പുകയിലയുടെ പിന്നിൽ അതിശക്തങ്ങളും അത്യന്തസമ്പന്നങ്ങളുമായ നിക്ഷിപ്ത താല്പര്യങ്ങൾ നിലകൊള്ളുന്നുണ്ടു്. 1970-കളുടെ അവസാനത്തിൽ ഓരോ ആണ്ടിലും 50 ലക്ഷം മെട്രിക് ടൺ പുകയില ലോകത്തിൽ ഉല്പാദിപ്പിക്കപ്പെട്ടിരുന്നുവത്രേ. ഇതിൽ 7,15,000 ടൺ അമേരിക്കയുടെ സംഭാവനയാണ്. എങ്കിലും അമേരിക്കയെക്കാൾ കൂടുതൽ പുകയില

ചൈന ഉല്പാദിപ്പിക്കുന്നുണ്ട്. ചൈനയും അമേരിക്കയും കഴിഞ്ഞാൽ ഇന്ത്യ, ബ്രസീൽ, റഷ്യ എന്നീ രാജ്യങ്ങൾ പുകയിലക്കൃഷിയിൽ മുന്നിട്ടു നില്ക്കുന്നു. എല്ലാംകൂടി ഇരുനൂറു കോടി ഡോളറിലധികം വില വരുന്ന പുകയിലയാണു മനുഷ്യർ ഓരോ ആണ്ടിലും കൃഷി ചെയ്യുന്നത്. നൂററിയെൺപത്തിയേഴര കോടി ഡോളറിലേറെ വിലവരുന്ന പുകയില ഉല്പന്നങ്ങൾ അമേരിക്കക്കാർ ഉണ്ടാക്കിവില്ക്കുന്നു. പുകയിലമേലുള്ള എക്സൈസ് നികുതി പല ഗവണ്മെൻറുകളുടെയും മുഖ്യ വരുമാനമാണ്. ഉല്പാദകർക്കു കിട്ടുന്ന വിലയുടെ മൂന്ന് ഇരട്ടിയോളം നികുതി സർക്കാർ വസൂലാക്കുന്നു.

പുകയിലയിലടങ്ങിയ നിക്കോട്ടിൻ എന്ന വിഷം ലഘുവായ മാത്രയിൽ ശരീരത്തിൽ കലർന്നാൽ ഹൃദയത്തെയും ഞരമ്പുകളെയും ഉത്തേജിപ്പിക്കും. പക്ഷേ, മാത്ര അധികമായാൽ നിക്കോട്ടിൻ വിഷമാണ്; അതു് ഹൃദ്രോഗവും കടൽപ്രണവും (അംസർ) ഉണ്ടാക്കും. സിഗററിൽ അടങ്ങിയ 'ടാർ'ആണ് ശ്വാസകോശാർബുദം ഉളവാക്കുന്നതു്.

പുകയില ഉപയോഗിക്കുന്നതിനുമേൽ ചില നിയന്ത്രണങ്ങൾ ഇന്ത്യയും ചുമത്തിയിട്ടുണ്ടെന്നാണ് വെയ്പ്. സിഗററുപെട്ടികളിൽ, നന്നെ ചെറിയ ചുവന്ന അക്ഷരങ്ങളിൽ ഇംഗ്ലീഷിൽ ഒരു താക്കീതു് അച്ചടിച്ചു വെച്ചിരിക്കുന്നതു്, സൂക്ഷിച്ചു നോക്കുന്നവർക്ക് ഇവിടെയും കാണാം. ഇതല്ലാതെ, പുകയിലയുടെ ഉപയോഗംകൊണ്ടുണ്ടാകുന്ന ദുരന്തങ്ങളെപ്പററി ശരിയായ ബോധം ജനങ്ങളിൽ ഉളവാക്കുന്നതിനു ഫലപ്രദമായ പ്രചാരണം ഇന്ത്യയിൽ നടന്നിട്ടില്ല. പുകവലിക്കാരുടെ എണ്ണം ഇന്ത്യയിൽ നാൾതോറും വർദ്ധിച്ചുവരികയുമാണ്.

തിയേററുകൾ, ബസ്സുകൾ മുതലായവയിലിരുന്നു പുക വലിച്ചുകൂടെന്നു നിയമം നമ്മുടെ നാട്ടിലുണ്ട്. ഈ നിയമത്തെ പരസ്യമായി ധിക്കരിക്കുന്നവരാണ് ഭൂരിഭാഗം ഇന്ത്യക്കാരും. തീപ്പെട്ടിയിൽ കൊള്ളികൾ പോലെ യാത്രക്കാരെ കുത്തിനിറച്ച ബസ്സുകളിൽ നിന്നും ഇരുന്നും പൂർണ സംതൃപ്തിയോടെ പുകവലിക്കുന്ന യാത്രക്കാരും ഡ്രൈവർമാരും കണ്ടക്ടർമാരും പോലീസുകാരും നമുക്ക് അപരിചിതരല്ല. സഹയാത്രികർക്ക് വിരോധമുണ്ടെങ്കിൽ പുകവലിക്കരുതെന്ന നോട്ടീസ് ചില തീവണ്ടിമുറികളിൽ ഇപ്പോഴും കാണാം. പക്ഷേ, അതാരും ഗൗനിക്കാറില്ല. ശ്വാസം മുട്ടിക്കുന്ന ഞെരുക്കവും അസഹ്യമായ ഉഷ്ണവും ഉണ്ടെങ്കിലും, സഹയാത്രികർക്കു സൗജന്യമായി ധൂമഭക്ഷണം നൽകുന്നവരാണ് നമ്മുടെ തീവണ്ടിയാത്രക്കാരിൽ വലിയ ഒരു വിഭാഗം. മററു പൊതുസ്ഥലങ്ങളിലെ സ്ഥിതിയും ഇതുതന്നെ. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കൈവന്നിരിക്കാം; പക്ഷേ, ഇന്ത്യയിൽ പൂർണ സ്വാതന്ത്ര്യം കൈവന്നതു് പുകവലിക്കാർക്കാണ്; അതു പൂർണമായും കൈയാളുന്നതും അവർതന്നെ.

ആ നിലയിൽ, പുകവലിയുടെ ദൂഷ്യഫലങ്ങളെപ്പററി ഈയിടെ ഒരിക്കൽക്കൂടി അമേരിക്കയിലെ സർജൻജനറൽ ഊന്നിപ്പറഞ്ഞിട്ടുള്ളതു് നമ്മുടെ നാട്ടിലെ പുകവലിക്കാർ ശ്രദ്ധിച്ചിരിക്കാനിടയില്ല. 'നമ്മുടെ സമൂഹത്തിൽ തടയാൻ കഴിയുന്ന മരണകാരണങ്ങളിൽ മുഖ്യം സിഗററുവലിയാണ്' എന്ന സർജൻ ജനറലിൻെറ തുറന്ന പ്രസ്താവന 'ന്യൂയോർക്ക് ടൈംസ്' പ്രസിദ്ധീകരിച്ചിട്ടുണ്ട്. മരണകരമായ ക്യാൻസർരോഗങ്ങളിൽ എൺപതു ശതമാനവും പുകവലികൊണ്ട് ഉണ്ടാകുന്നതാണെന്നും സർജൻ ജനറൽ പ്രസ്താവിച്ചിരിക്കുന്നു.

സിഗററു വലിക്കുന്നവർക്കു മാത്രമല്ല, ക്യാൻസർ രോഗസാദ്ധ്യതയുള്ളതു്. മററുള്ളവർ വലിച്ചുവിട്ട സിഗററുപുക ഉൾക്കൊണ്ടാലും ക്യാൻസർ ഉണ്ടാകും. സിഗററുപുക നിറഞ്ഞ മുറികളിൽ കടക്കാതിരിക്കണമെന്ന് യുണൈററഡ് സ്റ്റേററ്സിലെ സർജൻ ജനറൽ പുകവലിക്കാത്തവരെ ഉപദേശിക്കുന്നു. പുകവലിയും ക്യാൻസറും തമ്മിലുള്ള ബന്ധം അസന്ദിഗ്ദ്ധമാ

യി തെളിഞ്ഞിട്ടുള്ളതായും, അമേരിക്കയിലെ പുകയിലക്കൃഷിക്കാരുടെയും സിഗററ്റ് നിർമാതാക്കളുടെയും അതിപ്രബലങ്ങളായ സംഘടനകൾ മറിച്ച് എത്രതന്നെ പ്രചാരം നടത്തിയാലും, പുകവലിവിരോധത്തിൽ യുണൈറ്റഡ് സ്റ്റേറ്റ്സ് ഗവൺമെൻറ് ഉറച്ചുനില്ക്കുന്നതായും സർജൻ ജനറൽ ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുണ്ട്. ഹൃദ്രോഗം, ശ്വാസകോശ രോഗങ്ങൾ എന്നിവയുമായും പുകയിലയുടെ ഉപയോഗത്തിനു ബന്ധമുണ്ടെങ്കിലും, ക്യാൻസറുമായി അതിനുള്ള ബന്ധത്തിലാണ് സർജൻ ജനറലിൻെറ ഊന്നൽ. പുകവലിക്കാത്തവരേക്കാൾ ഇരട്ടി പുകവലിക്കാർ ക്യാൻസർ ബാധിച്ചു മരിക്കുവാൻ സാദ്ധ്യതയുണ്ട്. പുകവലിക്കുന്ന സ്ത്രീകൾക്കാണെങ്കിൽ പുരുഷന്മാരേക്കാൾ മുപ്പതു ശതമാനം കൂടുതൽ ക്യാൻസർ രോഗബാധയ്ക്കു സാദ്ധ്യതയുണ്ട്. ക്യാൻസർ മരണങ്ങളിൽ ഇരുപത്തഞ്ചു ശതമാനവും, ശ്വാസകോശത്തിലെ ക്യാൻസർകൊണ്ട് ഉണ്ടാവുന്നവയാണ്. ശ്വാസകോശ ക്യാൻസറിൻെറ മുഖ്യ കാരണം പുകവലിയാകുന്നു. തൊണ്ട, വായ, അന്നനാളം എന്നിവയിലെ ക്യാൻസറിനും കാരണമായിത്തീരുന്നുണ്ട് പുകവലി. സിഗററുവലിപോലെതന്നെ ദോഷകരമാണ് ചുരുട്ട് (സിഗാർ), പൈപ്പ് എന്നിവ വലിക്കുന്നതും. ചുരുട്ടുവലിക്കാർക്കും പൈപ്പു വലിക്കാർക്കും വായിലെ ക്യാൻസർ ധാരാളമായി ഉണ്ടായിക്കാണുന്നുണ്ട്. ഇതുപോലെ മൂത്രാശയം (ബ്ലാഡർ), വൃക്കകൾ (കിഡ്നി), കണയഗ്രന്ഥി (പാൻക്രിയാസ്) എന്നിവയിലെ ക്യാൻസറിനും സിഗററുവലി നിമിത്തമാകുന്നുണ്ടെന്ന് ഇത്തവണ ആദ്യമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. വയറ്, ഗർഭാശയഗളം എന്നീ ഭാഗങ്ങളിലെ ക്യാൻസറും പുകവലിയും തമ്മിലുള്ള ബന്ധത്തെപ്പററി പരസ്പരവിരുദ്ധങ്ങളായ തെളിവുകളാണുള്ളതെങ്കിലും, പുകവലിക്ക് ഈ ശരീരഭാഗങ്ങളിലെ ക്യാൻസറുമായുള്ള ബന്ധവും സംഭവ്യമാണെന്നാണ് സർജൻ ജനറലിൻെറ നിഗമനം.

ഇതെല്ലാം മനസ്സിലാക്കിയ ശേഷവും പുകവലിക്കണമെന്നുള്ളവർക്ക് അങ്ങനെ ചെയ്യാൻ പൂർണസ്വാതന്ത്ര്യമുണ്ട്. പക്ഷേ, അവർ പുകവലിച്ച് തങ്ങളുടെ മുഖത്തേക്കു തുപ്പരുതെന്ന് ആവശ്യപ്പെടാൻ പുകവലിക്കാത്തവർക്ക് അവകാശമില്ലേ? പുകവലിക്കാത്തവരുടെ ഈ അവകാശത്തിനു നിയമവും നിയമപാലകരും സംരക്ഷണം നൽകേണ്ടതില്ലേ?

നിരന്തരമായ ജാഗ്രതകൊണ്ടേ ആരുടെയും സ്വാതന്ത്ര്യം സംരക്ഷിക്കപ്പെട്ടു. നിയമപ്രകാരം പുകവലി നിരോധിക്കപ്പെട്ട സ്ഥലങ്ങളിൽ നിശ്ചിന്തരായി നിന്നും ഇരുന്നും പുകവലിക്കുന്നവർക്കെതിരെ പുകവലിക്കാത്തവർ മുന്നോട്ടു വരേണ്ടിയിരിക്കുന്നു. അവരുടെ സ്വന്തം നന്മയും സൗകര്യവും സൗഖ്യവും മാത്രമല്ല, ബഹുഭൂരിപക്ഷം പൊതുജനങ്ങളുടെ നന്മയും സൗകര്യവും സൗഖ്യവുംകൂടി ഈ പ്രതിഷേധംകൊണ്ടു നേടാനുണ്ട്. തിങ്ങിനിറഞ്ഞ ബസ്സിൽ ഇരുന്ന്, അല്ലെങ്കിൽ നിന്ന്, നിങ്ങളുടെ മുഖത്തേക്കു പുക തുപ്പുന്ന സമൂഹദ്രോഹിയുടെ മുഖത്തു് ചെരുപ്പൂരി അടിക്കാൻ നിങ്ങൾക്കു കഴിവില്ലെങ്കിൽ, അയാൾക്കെതിരെ ഉച്ചത്തിൽ പ്രതിഷേധിക്കുകയെങ്കിലും ചെയ്യുക! നിങ്ങൾ രക്ഷിക്കുന്നതു് നിങ്ങളുടെ മാത്രമല്ല, ബഹുജനങ്ങളുടെ ആകെത്തന്നെ ആരോഗ്യമാണ്!

4 ഏപ്രിൽ, 1982